




**കാലഘട്ടം ആവശ്യപ്പെടുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ ഗാന്ധിയൻ പ്രസ്ഥാനങ്ങൾക്ക് കഴിയുന്നില്ലെന്ന് സർവ്വസേവാ സംഘം ജനറൽ സെക്രട്ടറി**

**ടി.ആർ.എൻ. പ്രഭു**

# സ്വയം തിരുത്തലിനുള്ള സമയമാകുന്നു

**താങ്കൾ എങ്ങനെയാണ് ഗാന്ധിയൻ പ്രസ്ഥാനത്തിന്റെ ഭാഗമായതെന്ന് വിശദീകരിച്ചുകൊണ്ട് തുടങ്ങാമോ?**

1962-ൽ ദേശീയ തലത്തിൽ രൂപീകരിക്കപ്പെട്ട തരുൺ ശാന്തിസേനയിലൂടെയാണ് ഞാൻ ഗാന്ധിയൻ പ്രസ്ഥാനത്തിലെത്തിയത്. ആ കാലഘട്ടത്തിൽ ഉത്തരേന്ത്യയിൽ പ്രത്യേകിച്ചും ബീഹാറിൽ ഉണ്ടായ കൊടിയ വരൾച്ചയുടെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി യുവാക്കളെ അണിനിരത്താൻ ജെ.പി രൂപംകൊടുത്ത പ്രസ്ഥാനമായിരുന്നു. അത്. അദ്ദേഹമായിരുന്നു ആ യുവജന സേനയുടെ കമാൻഡർ. തരുൺ ശാന്തിസേനയുടെ സംസ്ഥാന ഘടക രൂപീകരണത്തിനായി 1964-65 കാലഘട്ടത്തിൽ കേരളത്തിൽ ഏതാനും ക്യാമ്പുകൾ നടത്തുകയുണ്ടായി. ആ ക്യാമ്പുകളിലൂടെയാണ് ഞാൻ തരുൺ ശാന്തിസേനയിൽ ഉറച്ചത്.

**തരുൺ ശാന്തിസേനയുടെ പ്രവർത്തനം എത്രമാത്രം മുന്നോട്ടു നീങ്ങി?**

തരുൺ ശാന്തിസേന പത്തുവർഷത്തോളം വളരെ നന്നായി പ്രവർത്തിച്ചു. ഇന്ന് വിവിധ ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ ദേശീയ തലത്തിലുള്ള പ്രധാന പ്രവർത്തകരിൽ പലരും തരുൺ ശാന്തിസേനയുടെ ഏറ്റവും വലിയ സംഭാവന.

**എന്തുകൊണ്ടാണ് സേനാ പ്രവർത്തനം പത്തുവർഷത്തിനുശേഷം മുന്നോട്ട് പോകാതിരുന്നത്?**

1973-74 വർഷത്തിനുള്ളിൽ ബീഹാറിലും ഗുജറാത്തിലും വലിയൊരു വിദ്യാർത്ഥി പ്രക്ഷോഭമുണ്ടായി. ഹോസ്റ്റൽ ഫീസ് വർദ്ധനവിനെതിരെയായിരുന്നു പ്രക്ഷോഭത്തിന്റെ തുടക്കമെങ്കിലും അത് സാവകാശം ബീഹാറിലെ അബ്ദുൾ ഗഫൂർ മന്ത്രിസഭയുടേയും ഗുജറാത്തിലെ ചിമൻഭായി പട്ടേൽ മന്ത്രിസഭയുടേയും അഴിമതിക്കെതിരെയുള്ള സമരമായി വ്യാപിപ്പിച്ചു. സമരം നയിക്കാൻ വിദ്യാർത്ഥികൾ ജെ.പിയോടഭ്യർത്ഥിച്ചു. സമരം അക്രമരഹിതമായിരിക്കണമെന്നും സമൂഹത്തിൽ സമഗ്ര പരിവർത്തനത്തിൽ 'സമ്പൂർണ്ണ വിപ്ലവത്തിന്' ഉള്ള സമരമായി അത് വളരണമെന്നുമുള്ള ഉപാധികൾ ജെ.പി മുന്നോട്ടു വച്ചു. വിദ്യാർത്ഥികൾ ജെ.പിയുടെ ഉപാധികൾ സ്വീകരിച്ചു. അങ്ങനെ ആ സമരത്തിന്റെ പശ്ചാത്തലത്തിൽ ജെ.പിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥി-യുവജന സമര സമിതി (ഛാത്ര-യുവസംഘർഷ വാഹിനി) രൂപംകൊണ്ടു. അതോടെ തരുൺ ശാന്തിസേന ആ പേരിൽ നിർജ്ജീവമായി. യഥാർത്ഥത്തിൽ അതൊരു വികാസമോ സംഘടനാ പരമായ പരിവർത്തനമോ ആയിരുന്നു.

**വിദ്യാർത്ഥികളും യുവാക്കളും യുവാവല്ലാത്ത ജെ.പിയെ നേതൃത്വത്തിനായി ക്ഷണിക്കുന്നത് ഇന്നൊരു അത്ഭുതമായി തോന്നുന്നു. എന്തായിരുന്നു ജെ.പിയുടെ ആകർഷണീയത? ഇന്നത്തെ ഗാന്ധിയൻ നേതൃത്വങ്ങൾക്ക് എന്തുകൊണ്ട് യുവാക്കളെ ആകർഷിക്കാൻ കഴിയുന്നില്ലേ?**

ഇതിൽ അത്ഭുതകരമായൊന്നുമില്ല. സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ ഇന്ത്യൻ യുവാക്കളെ കലാലയങ്ങളും തൊഴിലിടങ്ങളും ഉപേക്ഷിച്ച് സമരരംഗത്തിറങ്ങാൻ പ്രചോദന കേന്ദ്രമായപ്പോൾ ഗാന്ധിജി യുവാവായിരുന്നില്ല എന്നോർക്കണം. ആദർശ ശാലികളായ യുവാക്കൾ സ്വാർത്ഥതയില്ലാതെ പ്രവർത്തിക്കുന്ന നേതൃത്വങ്ങളുടെ വിളി കേൾക്കാൻ എന്നും സന്നദ്ധരാവും ജെ.പിയുടെ നേതൃത്വം അന്നത്തെ യുവാക്കൾ ആഗ്രഹിച്ചത് അതുകൊണ്ടാണ്. അങ്ങനെ മുന്നോട്ടുവന്ന യുവാക്കളിൽ ലല്ലുയാദവ് തുടങ്ങിയ പലരും പിന്നീട് കക്ഷി രാഷ്ട്രീയത്തിന്റെ അഴുക്കു ചാലുകളിൽ ഇറങ്ങിയതും, ജെ.പിയുടെ ധാർമ്മിക ബലത്തിൽ അധികാരമേറ്റെടുത്ത ജനതാ സർക്കാരിലെ കലഹങ്ങളും ജെ.പിയുടെ അന്ത്യവുമെല്ലാം അന്നത്തെ ആദർശശാലികളായ യുവാക്കളിൽ മടുപ്പുളവാക്കി എന്നത് വിസ്മരിക്കുന്നില്ല. നിസ്വാർത്ഥമായ നേതാക്കൾ സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾക്കുവേണ്ടി ആഹ്വാനം ചെയ്താൽ ഇന്നു യുവാക്കൾ രംഗത്തുവരുമെന്നതിനും നേതൃത്വത്തിൽ സംശയം തോന്നിയാൽ അവർ പിന്നോട്ടുമാറുമെന്നതിനും സംശയമില്ല. ഇതിന്റെ സമീപകാല തെളിവാണ് അണ്ണാഹസാരെ അഴിമതിക്കെതിരെ നടത്തിയ ആദ്യ സമരത്തിലെ ജനപങ്കാളിത്തവും അവസാനത്തെ സമരത്തിലെ ജനപങ്കാളിത്തിമില്ലായ്മയും. ഹസാരെയുടെ കൂട്ടത്തിൽ കൂടിയവരുടെ വിശ്വാസ്യതയില്ലായിമയാണ് അത്തരമൊരു തിരിച്ചടിക്ക് കാരണം. ഇന്നത്തെ ഗാന്ധിയൻ നേതൃത്വത്തിന് യുവാക്കളെ ആകർഷിക്കാൻ കഴിയാത്തതിന്റെ കാരണവും ഇതിൽനിന്ന് വ്യക്തമാണല്ലോ.

**അടിയന്തിരാവസ്ഥകാലത്ത് താങ്കൾ ജയിലിലായിരുന്നുവല്ലോ. എന്താണ് അതു സംബന്ധിച്ച് പറയാനുള്ളത്?**

തരുൺ ശാന്തിസേനയുടെയും ഛാത്ര-യുവ സംഘർഷ വാഹിനിയുടേയും സംസ്ഥാന നേതൃത്വത്തിൽ ഞാനുണ്ടായിരുന്നു. അതുകൊണ്ടാകും അടിയന്തിരാവസ്ഥക്കാലത്ത് എന്നെ അറസ്റ്റു ചെയ്തത്. 15 മാസം വിയ്യൂർ സെൻട്രൽ ജയിലിൽ ഞാൻ തടവിലായിരുന്നു. അടിയന്തിരാവസ്ഥ പിൻവലിക്കപ്പെടുന്നതിന് തൊട്ടുമുമ്പ് ഞാൻ ജയിൽ മോചിതനായി.

**കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ആരൊക്കെ അന്ന് അറസ്റ്റുചെയ്യപ്പെട്ട് ജയിലിടക്കപ്പെട്ടു?**

പ്രൊഫ .എം.പി. മന്മഥൻ, ഡി. രാമചന്ദ്രൻ പോറ്റി. ആർ. കെ. സുന്ദര, രവീന്ദ്രൻനാഥൻ നായർ എന്നിവരാണ് എനിക്കുപുറമെ ഗാന്ധിയൻ സംഘാടനകളിൽനിന്ന് ജയിലിലടക്കപ്പെട്ടത് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

**കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ തലപ്പത്ത് പല മുതിർന്ന നേതാക്കളുണ്ടായിരുന്നല്ലോ. അവലരിലാർക്കും ജയിൽ പോകേണ്ടിവരാതിരുന്നത് എന്തുകൊണ്ടാണ്?**

അടിയന്തിരാവസ്ഥക്കെതിരെ പ്രവർത്തിക്കുമെന്ന് അന്നത്തെ സർക്കാർ വിചാരിച്ചിരുന്നവരെയാകും തടവിലാക്കിയത്. അതിൽക്കൂടുതൽ ഞാനെന്തു പറയാൻ. എന്തായാലും ഞങ്ങളിൽ ചിലർക്കെങ്കിലും ചില പ്രമുഖ ഗാന്ധിയൻ സ്ഥാപനങ്ങളിൽ പ്രവേശനം നിഷേധിച്ചിരുന്നു എന്നത് മറച്ചു വയ്ക്കുന്നില്ല.

**അടിയന്തിരാവസ്ഥ പിൻവലിക്കപ്പെട്ട ശേഷം ഉണ്ടായ കാര്യങ്ങൾ?**

സംഘർഷവാഹിനി ദേശീയ തലത്തിൽ തന്നെ നിർജ്ജീവമായി. തരുൺ ശാന്തിസേനയിലും സംഘർഷ വാഹിനിയിലും പ്രവർത്തിച്ചിരുന്ന കേരളത്തിലെ യുവാക്കൾ ഇവിടെ ഗാന്ധി യുവമണ്ഡലം എന്ന സംഘടന രൂപീകരിച്ച് പ്രവർത്തിച്ചു. ഇപ്പോൾ ആ സംഘടനയും നിർജ്ജീവമായെങ്കിലും അതിലൂടെ കടന്നുവന്ന നിരവധി ചെറുപ്പക്കാർ ഇപ്പോഴും കേരളത്തിൽ ഗാന്ധിയൻ ദിശയിലുള്ള വിവിധ പ്രവർത്തനങ്ങളിൽ സജീവമാണെന്നത് നിസ്സാര കാര്യമല്ല. ജയിൽവാസത്തെത്തുടർന്ന് ജോലിയിൽ തിരികെ പ്രവേശിക്കുകയും കേരളത്തിലും പുറത്തുമായി പ്രവർത്തിക്കുകയും ചെയ്തു. അതിനിടയിലും ഗാന്ധിയൻ ആശയങ്ങളും പ്രവർത്തനങ്ങളുമായുള്ള ബന്ധം നിലനിർത്തിയിരുന്നു. ജോലിയിൽനിന്ന് വിരമിച്ച ഉടൻതന്നെ പ്രവർത്തനങ്ങളിൽ കൂടുതൽ സമയം ചിലവഴിക്കുന്നു. സർവ്വ സേവാ സംഘത്തിന്റെയും മറ്റും ഇപ്പോഴത്തെ ദേശീയ ഭാരവാഹികളിൽ പലരും പഴയകാല സഹപ്രവർത്തകരാണ്. അവരോടൊപ്പം സാധ്യമായ വിധത്തിൽ പ്രവർത്തിക്കുകയാണിപ്പോൾ.

**ഇന്നത്തെ ഇന്ത്യയിലെ ഗാന്ധിയൻ പ്രസ്ഥാനത്തെക്കുറിച്ച് അഭിപ്രായമെന്താണ്?**

കാലഘട്ടം ആവശ്യപ്പെടുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. എന്നാൽ സ്വന്തം ജീവിതത്തിൽ ഗാന്ധിയൻ സ്പർശംകൊണ്ട് മാറ്റങ്ങൾ വരുത്തിയ ആയിരങ്ങൾ ഈ പ്രസ്ഥാനത്തിലുണ്ടെന്നത് ചെറിയ കാര്യമല്ല.

**ഖദർ ധരിക്കുന്നതൊഴിച്ചാൽ ജീവിതത്തിൽ ഒരു മാറ്റവും വരുത്താത്തവർ ഗാന്ധിയൻ സംഘടനകളുടെ നേതൃത്വങ്ങളിൽ ഇല്ലെന്ന് പറയാനാവുമോ?**

അങ്ങനെ പറയാൻ കഴിയില്ല.

**ഗാന്ധിമാർഗ്ഗം യഥാർത്ഥത്തിൽ ആധുനിക നാഗരികതയോടുള്ള കലാപമല്ലെ. ഗാന്ധിമാർഗ്ഗ പ്രവർത്തനങ്ങൾ ആ നിലക്ക് വ്യവസ്ഥിതിക്കെതിരെ ഫോക്കസ്സ് ചെയ്യപ്പെടേണ്ടതല്ലെ? അതിന് കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ അതിന്റെ കാരണം?**

ശരിയാണ് വ്യവസ്ഥിതിക്കെതിരായ ഫോക്കസ്സോടെ സമരാത്മകതയും നിർമ്മാണാത്മകതയും പ്രകടിപ്പിക്കേണ്ട ഒന്നാണ്



ഗാന്ധിമാർഗ്ഗ പ്രവർത്തനം. പക്ഷെ ഇന്ന് വേണ്ടത്ര അതിന് കഴിയുന്നില്ല എന്നത് സത്യമാണ്. പ്രവർത്തകരിലും നേതാക്കളിലും സമഗ്രമായ കാഴ്ചപ്പാടിന്റെ അഭാവമുണ്ട്.

**അതുമാത്രമാണോ കാരണം?**

നേതൃത്വപരമായ ഇച്ഛാശക്തിയുടെ കുറവുമുണ്ട്.

**ഈ സ്ഥിതിക്ക് മാറ്റം വരുമെന്ന് കരുതുന്നുണ്ടോ?**

എനിക്ക് ശുഭാപ്തി വിശ്വാസമുണ്ട്. സമീപകാലത്ത് ചില നല്ല നീക്കങ്ങൾ നടക്കുന്നുണ്ട്. സർവ്വസേവാ സംഘത്തിലും മറ്റും മുതിർന്ന പല നേതാക്കളും ഇന്ന് തുറന്നു വിമർശിക്കപ്പെടുന്നുണ്ട്. സ്വയം തിരുത്തലിനുള്ള അന്തരീക്ഷം പ്രസ്ഥാനത്തിനുള്ളിൽ സാവകാശം രൂപപ്പെട്ടുവരുന്നുണ്ട്. ഭൂദാനയജ്ഞത്തിൽ ലഭിച്ച ഭൂമിയുടെ വിതരണത്തിൽ അഴിമതി നടത്തിയ നേതാക്കളെയും സംഘടനയുടെ ആസ്തികൾ അനധികൃതമായി കയ്യടക്കി വച്ച നേതാക്കളെയും സംഘടനാ സംവിധാനത്തിനുള്ളിൽ തുറന്നു കാണിക്കാൻ കഴിഞ്ഞിട്ടുള്ളത് ധാർമ്മികമായി പ്രസ്ഥാനം ഉണരുന്നു എന്നതിന്റെ സൂചനയാണ്.

**അത്തരം നല്ല നീക്കങ്ങൾക്ക് തുടക്കമിട്ട കഴിഞ്ഞ ടേമിലെ പ്രസിഡന്റിന് സർവ്വസേവാ സംഘത്തിൽ ഒരു രണ്ടാമൂഴം ലഭിക്കാതെ പോയത് വിമർശിക്കപ്പെട്ട നേതാക്കൾ നടത്തിയ ചരടുവലികൾ മൂലമാണെന്ന് കേൾക്കുന്നു. ശരിയാണോ?**

അദ്ദേഹം രണ്ടാമതും പ്രസിഡന്റ് പദമേറ്റെടുക്കാൻ മുന്നോട്ടുവന്നില്ല എന്നതാണ് സത്യം. എന്നാൽ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഭാരവാഹികളിൽ ഞാനുൾപ്പെടെ പലരും ഇപ്പോഴും ചുമതലക്കാരായുണ്ട്. അതുകൊണ്ടുതന്നെ നവീകരണത്തിനായുള്ള നീക്കങ്ങൾ സംഘടനയിൽ അവസാനിച്ചിട്ടില്ല.

**ഗാന്ധിയൻ പ്രസ്ഥാനങ്ങളിൽ നവീകരണമാവശ്യമാണെന്ന ചിന്ത സാവകാശമെങ്കിലും ഉണർന്നുവരുന്നതായി താങ്കൾ പറയുന്നു. എന്നാൽ ഇന്ത്യയുടെയും ലോകത്തിന്റെയും പ്രയാണം ഗാന്ധിവിരുദ്ധ ദിശയിൽ എത്രവേഗത്തിലുള്ളതാണ്. അതുകൊണ്ടുതന്നെ ഒച്ചിഴയുന്നതുപോലുള്ള നവീകരണ ഉദ്യമങ്ങൾക്കൊണ്ട് എന്തു പ്രയോജനം?**

വ്യക്തിപരമായി പറഞ്ഞാൽ എനിക്ക് സാമൂഹികമായകാര്യത്തിൽ വ്യഗ്രതയില്ല. അതുകൊണ്ടുതന്നെ സമയത്തിന്റെ തികവിൽ ശരിയായ പരിവർത്തനമുണ്ടാവുമെന്ന ക്ഷമാപൂർവ്വ വിശ്വാസത്തിലാണ് ഞാൻ.

**ഈ വ്യഗ്രതയില്ലായ്മ തന്നെയല്ലേ നേതൃത്വത്തിന്റെ ഇച്ഛാശക്തിയില്ലാമയുടെ കാരണം?**

വ്യഗ്രതയില്ലായ്മക്ക് ഒരു അദ്ധ്യാത്മികതലമുണ്ട്. ഗാന്ധിയൻ ദിശയിലുള്ള മാറ്റങ്ങൾക്ക് ഒരു അദ്ധ്യാത്മികമാനമുണ്ട്. അതുകൊണ്ടുതന്നെ ഇച്ഛാശക്തിയില്ലായ്മയെ വ്യഗ്രതയില്ലായ്മയുമായി കൂട്ടിക്കുഴക്കേണ്ടതില്ല.

**ഗാന്ധിയൻ സംഘടനകൾക്ക് പുറത്ത് ഗാന്ധിയൻ ദിശയിലുള്ള ചലനങ്ങൾ ഉണ്ടാവുന്നല്ലോ. അവയെ ശക്തിപ്പെടുത്തുക എന്നതു ശരിയായ സാമൂഹിക മാറ്റത്തിനുള്ള ഒരു വഴിയല്ലേ?**

തീർച്ചയായും അതേ. ഇന്ന് പല എൻ.ജി.ഒകളുടെയും മുദ്രാവാക്യങ്ങൾ നല്ലതുതന്നെ. എന്നാലവർക്ക് എൻ.ജി.ഒകളുടേതായ പരിമിതികളുണ്ട് എന്നത് മറക്കണ്ട. ഗാന്ധിമാർഗ്ഗ പ്രവർത്തകരുടെതല്ലാത്ത പല സമരമുഖങ്ങളിലും ഗാന്ധിയൻ പ്രസ്ഥാനങ്ങളിലുള്ളവർ വിനയപൂർവ്വം പങ്കെടുക്കേണ്ടതുണ്ട്.

**ഗാന്ധിയൻ പ്രസ്ഥാനം നവീകരണപ്പെടണമെന്ന ആഗ്രഹമുള്ള താങ്കൾ എന്താണിതിനുള്ള പ്രധാന തടസ്സമായി കാണുന്നത്?**

സംഘടനയിൽ വേണ്ടത്ര ആളുകളില്ലാ എന്നതാണ് പ്രധാന പ്രശ്നം. ഗാന്ധിയൻ സംഘടനകളിൽ യുവാക്കൾ കടന്നുകയറിയാൽ മാത്രമെ പ്രസ്ഥാനം നവീകരണ ചൈതന്യത്തിൽ ഇളകിത്തുടങ്ങുകയുള്ളു.

**അത്തരമൊരു ഇളക്കമുണ്ടാക്കാൻത്തക്ക വിധത്തിൽ യുവാക്കളെ ആകർഷിക്കാൻ പര്യാപ്തമായ കർമ്മ പരിപാടികളും നേതൃത്വവും ആസന്ന ഭാവിയിലെങ്ങാനും ഗാന്ധിയൻ പ്രസ്ഥാനത്തിൽ ദേശീയ തലത്തിലുണ്ടാവുമോ?**

ഞാനങ്ങനെ ആശിക്കുന്നു.